**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6792** **11-07-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി ധനുഷ്കോടി ദേശീയ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ധനുഷ്കോടി ദേശീയ പാതയിൽ നേര്യമംഗലം മുതൽ വാളറ വരെ, നൂറ് അടി വീതിയിൽ 14.5 കിലോമീറ്റർ ദൂരത്തിലുള്ള ഭൂമി റവന്യൂ ഭൂമിയാണെന്നും അവിടെ വനം വകുപ്പിന് അവകാശമില്ലെന്നും കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 28.05.2024-ന് വിധി പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ വിഷയവുമായി ബന്ധപ്പെട്ട് കിരൺ സിജു മുതൽ പേർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 10978/2024 നമ്പർ കേസിൽ 28.05.2024 തീയതിയിൽ ബഹു.ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നൂറ് അടി വീതിയിലുള്ള പ്രസ്തുത പ്രദേശം ഭാവിയിൽ അനാവശ്യമായ വ്യവഹാരങ്ങളിൽപ്പെട്ട് പോകാതിരിക്കുന്നതിനായി കുറ്റിവെച്ച് തിരിച്ച് ദേശീയ പാത വികസനം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | റവന്യൂ, വനം, പൊതുമരാമത്ത്, സർവ്വെ വകുപ്പുകളുടെ സംയുക്ത സർവ്വെ നടത്തി അതിർത്തികൾ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജനതാല്പര്യം മുൻനിർത്തി ദേശീയ പാത വികസനത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നാഷണൽ ഹൈവേ NH85 ന്റെ വികസനവുമായി ബന്ധപ്പെട്ട് 13m റോഡ് വീതി കൂട്ടുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ തുടങ്ങിയിട്ടുള്ളതാണ്. ലാൻഡ് അക്വിസിഷൻ നടപടികൾ ഇല്ലാതെ തന്നെ റോഡിന്റെ ഇരുവശങ്ങളിലും ലഭ്യമായ റോഡ് പുറമ്പോക്ക് ഭൂമി ഉപയോഗിച്ച് വീതി കൂട്ടുന്ന പ്രവർത്തികളാണ് നാഷണൽ ഹൈവേ അതോറിറ്റി സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ